# പോലീസ് സ്റ്റേഷൻ റൈറ്റർമാർക്ക് പരിശീലനം നൽകി

കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ ഉൾപ്പടെയുള്ള മുഴുവൻ പോലീസ് ഓഫീസുകളിലേയും ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനമാക്കുന്നതിൻെറ ഭാഗമായി, കൊച്ചി റേഞ്ചിലുൾപ്പെട്ട ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊച്ചി സിറ്റി, എറണാകുളം റൂറൽ എന്നീ 5 പോലീസ് ജില്ലകളിലെ എല്ലാ പോലീസ് സ്റ്റേഷൻ / ഓഫീസ് റൈറ്റർമാർക്കുമായി ഏകദിന പരിശീലനക്ലാസ് 09.02.2018 തീയ്യതി എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തു വച്ച് നടത്തി.

കൊച്ചി റേഞ്ച് ഐ.ജി. ശ്രീ. വിജയ് സാക്കറെ ഐ.പി.എസ്. പരിശീലനക്ലാസ് ഉൽഘാടനം ചെയ്തു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് മുഖ്യപ്രഭാഷണം നടത്തി.

കേരളാ പോലീസിൻെറ ഓൺലൈൻ സംവിധാനത്തിലെ സ്റ്റേറ്റ് റിസോഴ്സ് പരിശീലകരായ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് ജൂനിയർ സൂപ്രണ്ട് ശ്രീ. സനൽകുമാർ, ശ്രീ. അൻവർ.എ.പി, ശ്രീ.ബെന്നി തോമസ്, ശ്രീ.പ്രേമൻ.കെ, ജില്ലാ പരിശീലകരായ ശ്രീ. ഷമീർ, ഷൈജു തോമസ്, ജോണി ജോസഫ്, രഞ്ജിത് ജോൺ, ലാലു, സ്മിത മുരളി തുടങ്ങിയർ ക്ലാസ്സിന് നേതൃത്വം നൽകി.

കൊച്ചി റേഞ്ച് ഐ.ജി ഓഫീസ് അഡ്മിനിസ്ട്രേറ്റർ ശ്രീമതി. കെ.എം.ഗീത, എറണാകുളം റൂറൽ ജില്ലാ ഓഫീസ് അഡ്മിനിസ്ട്രേറ്റർ ശ്രീമതി. ലാലിമ്മ തോമസ്, അക്കൗണ്ട്സ് ഓഫീസർ അനീഷ് കുമാർ.കെ.കെ. തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കൊച്ചി റേഞ്ചിലെ 200 ഓളം സ്റ്റേഷൻ / ഓഫീസ് റൈറ്റർമാർ പരിശീലനക്ലാസ്സിൽ പങ്കെടുത്തു.




RANGE LEVEL TRAINING FOR STATION WRITERS
ON 09.02.2018
INAUGURATION
SRI. VIJAY SAKHARE IPS
POLICE OFFICE


RANGE LEVEL TRAINING FOR STATION WRITERS
ON 09.02.2018
INAUGURATION
SRI. VIJAY SAKHARE IPS
DISTRICT POLICE OFFICE


RANGE LEVEL TRAINING FOR STATION WRITERS
ON 09.02.2018
INAUGURATION
SRI. VIJAY SAKHARE IPS
PRESIDE
POLICE OFFICE

